പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ്

*533 [535] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റിനെക്കുറിച്ചും ലിസ്റ്റിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ചും പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ നിയുക്തമായ പാർലമെൻറ് കമ്മിറ്റി അടുത്ത കാലത്തു കേരളത്തിൽ വന്ന അവസരത്തിൽ ഗവൺമെൻറ് വക്താക്കളുമായി ഇതിനെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ടോ';

(ബി) ഉണ്ടെങ്കിൽ പുതിയതായി ഏതെങ്കിലും ജാതികളെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ?

തൊഴിലും പാർപ്പിടവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, (എ) 18-1-79 ൽ ചർച്ച ചെയ്തിട്ടുണ്ട്.

(ബി) നേരത്തേ ശുപാർശ ചെയ്തിരുന്നതിൽ കൂടുതലായി ആരെയും ഉൾപ്പെടുത്തണമെന്നു കമ്മിറ്റി വന്നതിനുശേഷം ശുപാർശ ചെയ്തിട്ടില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഇന്നു കിട്ടുന്ന 10 ശതമാനം അനുകൂല്യം അപര്യാപ്തമാണെന്നു ഗവൺമെൻറിനു ബോധ്യമുണ്ടോ? ഉണ്ടെങ്കിൽ അതു വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറിനോട് ശുപാർശ ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഈ വിഷയം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റിനു ഭേദഗതിവരുന്നതു സംബന്ധിച്ചു ശുപാർശചെയ്തിട്ടുണ്ടോ എന്നുള്ളതാണ്. ഗതമാന വർദ്ധനയുടെ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഭാസ്കരൻനായർ: ഇതിൽ നിന്നുദിക്കുന്ന ചോദ്യമാണ്, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന 10 ശതമാനത്തിന്റെ ആനുകൂല്യം കൂടുതലാക്കാൻ കേന്ദ്രഗവൺമെൻറിനോടു ശുപാർശ ചെയ്യാൻ തയ്യാറാണോ എന്നാണ്.

ശ്രീ. എം. കെ. രാഘവൻ: ചോദ്യം ഇതാണ്: ''പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ..... ചർച്ച ചെയ്തിട്ടുണ്ടോ?'' പത്തുശതമാനത്തെക്കുറിച്ച് ഗവൺമെൻറ് ഒരു ശുപാർശയും ചെയ്തിട്ടില്ല. കൂടുതൽ വേണമോ വേണ്ടയോ എന്നുള്ള കാര്യവും ഗവൺമെൻറു തീർച്ചപ്പെടുത്തി ഒരു ശുപാർശയും നടത്തിയിട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഒരു സമുദായത്തെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം എന്താണ്?

ശ്രീ. എം. കെ. രാഘവൻ: ഭരണഘടനയിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവും മറ്റുമായ നിലവാരങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ടാണ് പിന്നോക്കാവസ്ഥ കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കുടുംബി സമുദായത്തെ പട്ടികജാതിയിൽ പെടുത്തണമെന്ന ദീർഘകാലമായിട്ടുള്ള ആവശ്യം ഈ ഗവൺമെൻറ് അംഗീകരിച്ച് ശുപാർശ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ഉണ്ട്. ഗവൺമെൻറ് ഒരു നിലപാടെടുത്ത് കേന്ദ്രഗവൺമെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശയനുസരിച്ച് 10 പുതിയ സമുദായങ്ങളെ പട്ടികജാതിയിൽപെടുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എം. കെ. കൃഷ്ണൻ: ഗവൺമെൻറ് ഈ അടിസ്ഥാനത്തിൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ട് കൂടുതൽ കൂടുതൽ സമുദായങ്ങൾ പട്ടികജാതിയിൽപെട്ടു കിട്ടണമെന്ന ആഗ്രഹത്തിൻെറ അടിസ്ഥാനത്തിൽ ആവശ്യങ്ങൾ ഉന്നയിക്കുന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആ ആവശ്യത്തോടു ഗവൺമെൻറിൻെറ സമീപനമെന്താണ്?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെൻറിന് കൂടുതൽ സമുദായങ്ങളെ ഉൾപ്പെടുത്തണമെന്നഭിപ്രായമില്ല. പക്ഷേ ചില സമുദായങ്ങൾക്ക് ആ സമുദായങ്ങളുടെപേരിൻെറ ചില അക്ഷരങ്ങളുടെ പേരിൽ, അതിൻെറ വാളികളുടെയും പുള്ളികളുടെയും പേരിൽ ഈ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നതായി അറിവുണ്ട്. അങ്ങനെ നിഷേധിക്കപ്പെട്ട ഒരേ സമുദായത്തിൽപെട്ട ആളുകളെ ഇതിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി, ഉൾപ്പെടുത്തുന്നതിൻെറ വ്യക്തതയ്ക്കുവേണ്ടി ആ സമുദായങ്ങളെകൂടി ചേർത്ത് ശുപാർശ ചെയ്തിട്ടുണ്ട്. അങ്ങനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പത്തുമുപ്പതു കൊല്ലം മുൻപ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് ഉദ്യോഗത്തിലും മറ്റും സീറ്റുകൾ സംവരണം ചെയ്തുകൊണ്ട് ഉണ്ടാക്കിയ നിയമത്തിൽ, ഇന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ ധാരാളം പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും യോഗ്യതയും മറ്റും സമ്പാദിച്ചതിൻെറ അടിസ്ഥാനത്തിൽ മാറ്റം വരുത്തി 10 ശതമാനമെന്നുള്ളതിൽ വർദ്ധനവു വരുത്തണമെന്നുള്ളതിനെപ്പറ്റി ഗവൺമെൻറിൻെറ നിലപാടെന്താണ്? അതിനെക്കുറിച്ച് കേന്ദ്രഗവൺമെൻറുമായി എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: കഴിഞ്ഞ കമ്മീഷൻ റിപ്പോർട്ടുണ്ടായപ്പോഴും 10 ശതമാനത്തിൽക്കൂടുതൽ വേണമെന്നു ശുപാർശയുണ്ടായിട്ടില്ല. ഗവൺമെൻറിൻെറ നിലപാട്, അതിൻെറ അന്വേഷണക്കമ്മീഷൻ നൽകുന്ന വിവരങ്ങളനുസരിച്ചാണ്; അതിൻെറ അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു ദിവസം നേരം വെളുക്കുമ്പോൾ ഒരു പ്രത്യേക നിലപാടെടുക്കുന്ന സമ്പ്രദായമില്ല. സ്ഥിതിവിവര കണക്കുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിലാണ് എത്ര ശതമാനം സംവരണം വേണമെന്നു തീർച്ചയാക്കുന്നത്. പുതിയതായിട്ട് ഒരു മാനദണ്ഡം സ്വീകരിച്ച് ശുപാർശ ചെയ്തിട്ടില്ല.

ശ്രീ. ടി. എ. പരമൻ: അടുത്തകാലത്ത് പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ലിസ്റ്റ് ഭേദഗതി ചെയ്തപ്പോൾ, പട്ടികജാതിക്കാരെന്ന് ഈ ഗവൺമെൻറിനഭിപ്രായമില്ലാത്ത ഒന്നുരണ്ടു ജാതികളെങ്കിലും ആ ലിസ്റ്റിൽ ഉൾപ്പെട്ടതായി ഗവൺമെൻറിൻെറ തന്നെ മറുപടികളിൽനിന്നും മനസ്സിലായി. അങ്ങനെ ആ ലിസ്റ്റിൽപെട്ടുപോയിട്ടുള്ളത് ഗവൺമെൻറിൻെറ ശുപാർശയനുസരിച്ചാണോ? അനുസരിക്കാതെയാണോ?

ശ്രീ. എം. കെ. രാഘവൻ: ഉൾപ്പെടുത്തണമെന്നു ശുപാർശ ചെയ്തിട്ടുള്ളതുപോലെതന്നെ ചില ജാതിക്കാരെ ഒഴിവാക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്; അത് എല്ലാം പരിശോധിച്ചാണ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവിയർ അായ്ക്കൽ: 10 പുതിയ വർഗ്ഗക്കാരെ ഉൾപ്പെടുത്തി എന്നു പറഞ്ഞു. ആദ്യം പറഞ്ഞത് നേരത്തെയുള്ള ലിസ്റ്റനുസരിച്ചാണെന്നും പുതിയതായി ഒന്നും ചെയ്തിട്ടില്ലെന്നുമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, പലരെയും ലിസ്റ്റിൽനിന്നു മാറ്റണമെന്നു ശുപാർശ ചെയ്തിട്ടുണ്ടെന്ന്. ഇത് എന്താണെന്ന് വ്യക്തമായി സഭയെ അറിയിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: മൊത്തത്തിൽ ഇതിനെക്കുറിച്ചുള്ള വിവരമില്ലായ്മകൊണ്ടാണ് ചോദിക്കുന്നത്. ആദ്യം പറഞ്ഞത്, കമ്മീഷൻ വന്നപ്പോൾ, 18-1-79 ൽ, പുതിയതായി യാതൊരു നിർദ്ദേശവും വച്ചിട്ടില്ലെന്നാണ്. അത് വച്ചിട്ടില്ല. അതിനു മുൻപ് കൂടുതൽ ജാതിക്കാരെയും വർഗ്ഗക്കാരെയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശം കേന്ദ്രത്തിൽ കൊടുത്തിരുന്നു. അതിനുപരിയായി ഇപ്പോൾ പ്രത്യേകിച്ചു കൂടുതലായി ഒന്നും ചെയ്തിട്ടില്ല. അതാണ് കൂടുതൽ ചെയ്തിട്ടില്ലെന്നു പറഞ്ഞത്. കൂടുതൽ ചെയ്തിട്ടുള്ളത് അതിനു മുൻപാണ്. അങ്ങനെ കൂടുതലായി ചെയ്തിട്ടുള്ളതിന് ഒരുദാഹരണം പറയാം: 'പുലയ' എന്ന സമുദായത്തെ ചേർക്കണമെന്നു നിർദ്ദേശിച്ചു. ഇപ്പോൾ ഉള്ള ലിസ്റ്റിൽ 'പുലയൻ' എന്നാണ്. 'പുലയ' എന്ന പേരിൽ അറിയപ്പെടുന്ന സമുദായത്തിന് ഈ ആനുകൂല്യം കൊടുത്തിരുന്നില്ല. അതു വരാതെ 'പുലയ' എന്ന പേരും കൂടി കൂട്ടിച്ചേർത്ത് ശുപാർശചെയ്തു എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. ടി. എം. ജേക്കബ്: പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽനിന്നു മതപരിവർത്തനം ചെയ്ത ആളുകൾ ഇന്ന് അവരെപ്പോലെതന്നെ നിലനിൽക്കുന്നതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽനിന്നു മതപരിവർത്തനം ചെയ്ത ആളുകളെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആലോചിക്കുമോ? ഇതു ശുപാർശ ചെയ്യാൻ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഇപ്പോൾ അങ്ങനെയൊരു നിലപാടു ഗവൺമെന്റു സ്വീകരിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടിരുന്ന ആളുകൾ പിന്നീടു മതപരിവർത്തനം ചെയ്താൽ, പഴയ ഹരിജനങ്ങളാണെന്ന് അറിയുന്ന ആളുകൾക്ക് ലിസ്റ്റിൽപെടുത്താതെ തന്നെ എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. സ്റ്റൈപ്പെൻറു കൊടുക്കുന്ന കാര്യത്തിലും സ്കോളർഷിപ്പു കൊടുക്കുന്ന കാര്യത്തിലും മറ്റും ഒരൊഴിയാതെ എല്ലാ ആനുകൂല്യങ്ങളും സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നു പണം ചെലവാക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കേരളത്തിലെ ട്രൈബൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്ററിലെ സ്പെഷ്യലാഫീസർ ഗവേഷണം നടത്തി 14 ജാതിക്കാരെ പട്ടികവർഗ്ഗത്തിലുൾപ്പെടുത്തണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. പാർലമെന്റു കമ്മിറ്റി വന്ന അവസരത്തിൽ ആ ശുപാർശ കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ? ആ സമുദായങ്ങളുടെ പേര് വ്യക്തമാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ശുപാർശ ചെയ്തിട്ടുണ്ട്. പേര് നോക്കിയിട്ടേ പറയാൻ കഴിയുകയുള്ളൂ. അതിൽപെട്ടതാണ് ഈ 10 സമുദായങ്ങളും എന്നാണ് ഓർമ്മ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ: മലബാർ പ്രദേശത്തു 'പെരുമണ്ണാൻ' എന്നൊരു സമുദായക്കാർ ഉണ്ട്. അവർ പ്രാദേശികമായി 'പെരുവണ്ണാൻ' എന്നും അറിയപ്പെടുന്നുണ്ട്. 'പെരുമണ്ണാൻ' ഷെഡ്യൂൾഡ് കാസ്റ്റിലും 'പെരുവണ്ണാൻ' ഒ. ഇ. സി. യിലുമാണ്. ഒരാളുടെ മക്കൾതന്നെ രണ്ടു സമുദായത്തിൽ ഉൾപ്പെടുന്നു എന്നു വന്നിട്ടുള്ളതുകൊണ്ട് ഒരേ സമുദായമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: നേരത്തേ 'പുലയ' എന്നതിനെപ്പറ്റി പറഞ്ഞതുപോലെ 'പെരുവണ്ണാൻ' സമുദായത്തെയും ഇപ്പോൾ ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: കേരളസംസ്ഥാനം നിലവിൽ വന്നിട്ട് ഇരുപതിലധികം കൊല്ലമായെങ്കിലും മണ്ണാൻ, മലയൻ, വേട്ടുവൻ, മലപ്പണ്ടാരം മുതലായ സമുദായങ്ങൾക്ക് തിരു-കൊച്ചി പ്രദേശത്ത് ആനുകൂല്യത്തിന് അർഹതയുള്ളപ്പോൾ മലബാർ പ്രദേശത്ത് യാതൊരാനുകൂല്യവും, കിട്ടുന്നില്ല. കേരള സംസ്ഥാനത്തെ ഒന്നായി കണ്ടുകൊണ്ട് രണ്ടു ഭാഗത്തും ഒരേ രീതിയിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ഉൾപ്പെടുത്താനാണ് കൂടുതൽ ലിസ്റ്റ് സമർപ്പിച്ചത്. തിരുവിതാംകൂർ-കൊച്ചിയിൽ അറിയപ്പെടുന്ന അതേപേരിലല്ല അതേ വിഭാഗം ആളുകളും മലബാറിൽ അറിയപ്പെടുന്നത്; മറ്റു പേരിലാണ്. ആ മറ്റു പേരുകളാണ് ഇപ്പോൾ കൂടുതലായി ശുപാർശചെയ്തിരിക്കുന്നത്.

ശ്രീ. പി. പി. എസ്തോസ്: പുതിയതായി ഏതെങ്കിലും ജാതികളെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ടോ എന്നാണ് 'ബി' ചോദ്യം. ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് ഇപ്പോൾ പറഞ്ഞു. പുതിയ വിഭാഗം ഉൾക്കൊള്ളുന്നതോടുകൂടി റിസർവേഷന്റെ ശതമാനവും വർദ്ധിപ്പിക്കേണ്ടതല്ലേ.

ശ്രീ. എം. കെ. രാഘവൻ: കൂട്ടിച്ചേർക്കൽകൊണ്ട് ആളുകളുടെ എണ്ണം കൂടുന്നില്ല. ജനസംഖ്യയും കൂടുന്നില്ല. പുതിയ സമുദായവും വരുന്നില്ല. ഒരേ സമുദായംതന്നെ പല പേരിൽ അറിയപ്പെടുന്നതുകൊണ്ട് ആ പല പേരിൽ അറിയപ്പെടുന്ന എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് എന്റെ സ്നേഹിതൻ പറഞ്ഞ കാര്യം പ്രസക്തമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയിടയിൽ ഇന്നുള്ളവരെക്കാൾ പുരോഗതി സിദ്ധിച്ചിട്ടുള്ളവരെക്കൂടി അവശതയനുഭവിക്കുന്നവരാണെന്ന പേരിൽ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ഇന്നു നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങളെ അതു ബാധിക്കും എന്നുള്ളതു ഗവൺമെന്റിന് അറിയാമോ?

ശ്രീ. എം. കെ. രാഘവൻ: അവശതയില്ലാത്ത ആളുകളെ ലിസ്റ്റിൽ പെടുത്തിയാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ദോഷകരമായി ബാധിക്കുമെന്നറിയാം.

ശ്രീ. സി. എം. സുന്ദരം: മലബാർ പ്രദേശത്ത് തണ്ടാർ സമുദായത്തിന് കേന്ദ്രഗവൺമെന്റ് നോട്ടിഫിക്കേഷൻ കഴിച്ചിട്ടും, ഇപ്പോഴും ആനുകൂല്യങ്ങൾ കൊടുക്കാതെ തടഞ്ഞുനിർത്തിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: തണ്ടാർ സമുദായം നേരത്തെ ലിസ്റ്റിൽ ഉള്ളതാണ്. ആ പേര് സ്ഥാനപ്പേരായിട്ടുള്ളവർ ഇത് ദുരുപയോഗപ്പെടുത്തി എന്നല്ലാതെ തണ്ടാർ സമുദായത്തിന്റെ ആനുകൂല്യങ്ങളും നിഷേധിച്ചിട്ടില്ല.

ശ്രീ. പി. ബി. ആർ. പിള്ള: 18-1-79 ലും അതിനു മുൻപും പല ജാതികളുടെ പേരുകളും നിർദ്ദേശിച്ചു എന്നു വ്യക്തമാക്കി. ആ നിർദ്ദേശങ്ങളുടെ ഫലം ഇപ്പോൾ എവിടെ നിൽക്കുന്നു.

ശ്രീ. എം. കെ. രാഘവൻ: പറയാറായിട്ടില്ല. കമ്മിറ്റി ഇവിടെ വന്നിട്ട് തിരിച്ചുപോയിട്ടേയുള്ളു. നിവേദനം കൊടുത്ത കാര്യങ്ങളെപ്പറ്റി രേഖാമൂലമുള്ള എല്ലാ തെളിവുകളും സമർപ്പിക്കണമെന്നു നമ്മളോടാവശ്യപ്പെട്ടിരിക്കുകയാണ്. ആന്ത്രോപോളജിസ്റ്റിനേയും മറ്റും കൺസൽറ്റു ചെയ്തിട്ട് അവരുടെ ഉദ്ഭവം മുതലായുള്ള എല്ലാ കാര്യങ്ങളും സമർപ്പിച്ചശേഷം മാത്രമേ ഒരു തീരുമാനമുണ്ടാകുകയുള്ളു.

ഹരിജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് സെന്ററുകൾ

*534 [566] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ സ്പെഷ്യൽ ഓഫീസർ ആരാണ്;

(സി) റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചുവോ;

(ഡി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) നിയോഗിച്ചിരുന്നു.

(ബി) കേരള സ്റ്റേറ്റ് പട്ടികജാതി പട്ടികവർഗവികസന കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ മാനേജർ ശ്രീ. പി. കെ. രാഘവനായിരുന്നു സ്പെഷ്യൽ ഓഫീസർ.

(സി) സമർപ്പിച്ചു.

(ഡി) റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

ശ്രീ. കല്ലട നാരായണൻ: ഹരിജനക്ഷേമവകുപ്പിന്റെ കീഴിൽ ഒട്ടേറെ ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടതുകൊണ്ടാണ് 9-11-77 ൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ട് എന്നാണ് കിട്ടിയത്, അതിൻമേൽ ഉള്ള ശുപാർശകൾ എന്തെല്ലാമാണ്, അതിന്റെ നടപടികൾ എവിടെവരെ ആയിയെന്നു പറയാമോ?

ശ്രീ. എം. കെ. രാഘവൻ: പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററിനെയും മറ്റും. ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ലെന്നും കൂടുതൽ ഉൽപ്പാദനശേഷിയും തൊഴിൽസൗകര്യങ്ങളും ലഭ്യമാക്കുന്നതിലേക്ക് മേൽപ്പടി

LIBRARY ARCHIVES Kerala Legislative Assembly